**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3522** **05-08-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറി സേവിംഗ്സ് അക്കൗണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം. കാർഡുകൾ നൽകുന്ന തീരുമാനം ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ; | (എ) | വാണിജ്യ ബാങ്കുകളുമായി ചേർന്ന് ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം സൗകര്യം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ്വ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും മറ്റ് ബാങ്ക് അക്കൗണ്ടുകളിലേക്കും മറ്റ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കും പണം ട്രാൻസ്ഫർ ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. tsbonline.kerala.gov.in എന്ന വെബ് ആപ്ലിക്കേഷൻ വഴി അക്കൗണ്ട് ഉടമയ്ക്ക് ഓൺലൈനായി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ തുക ബാങ്ക് അക്കൗണ്ടിലേയ്ക്കും, etreasury.kerala.gov.in ആപ്ലിക്കേഷൻ മുഖേന ബാങ്ക് അക്കൗണ്ടിലെ തുക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കും മാറ്റുവാൻ കഴിയുന്നതാണ്. |
| (സി) | എങ്കിൽ പണം ട്രാൻസ്ഫർ ചെയ്യുന്നതിന് എടുക്കുന്ന സമയം, ഇതിനായുള്ള നടപടിക്രമം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | (സി) | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും പണം ബാങ്ക് അക്കൗണ്ടിലേക്കു മാറ്റുന്നതിന് എടുക്കുന്ന സമയവും നടപടിക്രമവും ആദ്യമായി അക്കൗണ്ട് ഉടമ tsbonline.kerala.gov.in എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ട്രഷറിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പർ ഉപയോഗിച്ചു വേണം രജിസ്ട്രേഷൻ നടത്തേണ്ടത്. അക്കൗണ്ട് ഉടമയുടെ മൊബൈലിൽ ലഭിക്കുന്ന ഒ.ടി.പി ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതും ലോഗിൻ പാസ്സ് വേർഡ്, ട്രാൻസാക്ഷൻ പാസ്സ് വേർഡ് എന്നിവ സൃഷ്ടിക്കാവുന്നതാണ്. തുടർന്ന് ലോഗിൻ ചെയ്തതിന് ശേഷം ബെനിഫിഷ്യറിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ചേർക്കേണ്ടതാണ്. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് സെലക്റ്റ് ചെയ്തതിന് ശേഷം ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ട തുക ചേർക്കേണ്ടതാണ്. (ഒരു ദിവസം രണ്ട് ലക്ഷം രൂപ വരെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്) പ്രസ്തുത ഇടപാട് കൺഫേം ചെയ്ത് കഴിയുമ്പോൾ രജിസ്റ്റർ ചെയ്ത മൊബൈലിൽ ഒ.ടി.പി ലഭിക്കുന്നതും |

| | | | |
|---|---|---|---|
| | | | ആയത് സിസ്റ്റത്തിൽ ചേർക്കുമ്പോൾ ഫണ്ട് ട്രാൻസ്ഫർ നടപടികൾ പൂർത്തിയാകുന്നതാണ്. ഇപ്രകാരം അക്കൗണ്ട് ഉടമ ഓൺലൈനായി ഫണ്ട് ട്രാൻസ്ഫർ ചെയ്യുമ്പോൾ, പ്രസ്തുത തുക അക്കൗണ്ടിൽ നിന്ന് പിൻവലിക്കപ്പെടുകയും ആയതു NEFT വഴി RBI-യുടെ ഇ-കുബേർ പോർട്ടൽ മുഖേന അക്കൗണ്ട് ഉടമ നിർദ്ദേശിക്കുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ആകുന്നതാണ്. NEFT വഴിയുള്ള ഫണ്ട് ട്രാൻസ്ഫർ ഓട്ടോമാറ്റിക് സംവിധാനത്തിലേക്ക് മാറിയിട്ടില്ലാത്തതിനാൽ, NEFT-ന്റെ ഓരോ ബാച്ച് ആയിട്ടാണ് ഡാറ്റ ഇ-കുബേർ പോർട്ടലിലേക്കു നൽകുന്നത്. ട്രഷറിയുടെ പ്രവർത്തന സമയം, പൊതു അവധി, ഇ-കുബേറിന്റെ പ്രവർത്തന സമയം എന്നിവയെ ആശ്രയിച്ചാണ് ഈ പ്രക്രിയ നടക്കുന്നത്. മേൽ പറഞ്ഞ സാങ്കേതിക പരിമിതികൾ ഉണ്ടെങ്കിലും, സാധാരണ ദിവസങ്ങളിൽ 2-3 മണിക്കൂറുകൾക്കകം തന്നെ തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നതാണ്. ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രഷറി അക്കൗണ്ടിലേക്കു മാറ്റുന്നതിന് എടുക്കുന്ന സമയവും നടപടിക്രമവും etreasury.kerala.gov.in എന്ന വെബ് ആപ്ലിക്കേഷൻ മുഖേനയാണ് ബാങ്ക് അക്കൗണ്ടിൽ നിന്നും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യേണ്ടത്. പ്രസ്തുത ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്ത് ബാങ്കിന്റെ IFSC കോഡ്, അക്കൗണ്ട് നമ്പർ എന്നിവ നൽകിയ ശേഷം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ നൽകേണ്ടതും ട്രഷറിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ ലഭിക്കുന്ന ഒ.ടി.പി നൽകി നിർദ്ദേശിക്കുന്ന തുക ട്രാൻസ്ഫർ ചെയ്യാവുന്നതുമാണ്. ദേശസാൽകൃത ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചാണ് ഇടപാട് നടത്തുന്നതെങ്കിൽ തൊട്ടടുത്ത ദിവസം തന്നെ തുക ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നതാണ്. കാർഡ്/ഷെഡ്യൂൾഡ് ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ് സൗകര്യം, UPI എന്നിവ മുഖേന ഫണ്ട് ട്രാൻസ്ഫർ ചെയ്യുകയാണെങ്കിൽ രണ്ടാം ദിവസം മാത്രമേ ബാങ്കിൽ നിന്നും തുക ട്രഷറിയ്ക്ക് ലഭിക്കുകയുള്ളൂ. പ്രസ്തുത ഫണ്ട് ട്രാൻസ്ഫർ ട്രഷറിയിൽ കൺഫേം ചെയ്യുന്നതോടെ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നതാണ്. |
| (ഡി) | ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് നൽകാനുദ്ദേശിക്കുന്ന എ.ടി.എം. ഉപയോഗിച്ച് എല്ലാ ബാങ്ക് എ.ടി.എം. കളിൽ നിന്നും പണം പിൻവലിക്കാനും നിക്ഷേപിക്കാനും കഴിയുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം സൗകര്യം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും ആയതിന് റിസർവ്വ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ